**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 221** **05-12-2022 - ൽ മറുപടിയ്ക്ക്**

**കുണ്ടറ താലൂക്ക് ആശുപത്രിയിലെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ താലൂക്ക് ആശുപത്രിയിലെ കിഫ്‌ബി പദ്ധതി പ്രകാരമുള്ള കെട്ടിട നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | കിഫ്‌ബി ഫണ്ട് ഉപയോഗിച്ചുള്ള എട്ടു നിലകളിലുള്ള കുണ്ടറ താലൂക്ക് ആശുപത്രിയുടെ ആറാം നിലയുടെ സ്ലാബ് കോൺക്രീറ്റ് പൂർത്തീകരിച്ചു. മറ്റ് സ്ട്രക്ച്ചറൽ വർക്കുകളോടൊപ്പം ഫിനിഷിംഗ് വർക്കുകളും പുരോഗമിക്കുന്നു. |
| (ബി) | നിർമ്മാണം നടക്കുന്ന പ്രസ്തുത കെട്ടിടത്തിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കുന്നത് എന്ന് വിശദമാക്കാമോ; | (ബി) | നിർമ്മാണം നടക്കുന്ന എട്ട് നിലകളുള്ള ബ്ലോക്കിൽ എമർജൻസി വിഭാഗം, റേഡിയോളജി & ലബോറട്ടറി, ഓപ്പറേഷൻ തീയേറ്റർ കോംപ്ലക്സ്, സർജ്ജിക്കൽ വാർഡുകൾ, ഡെന്റൽ വിഭാഗം, സർജ്ജിക്കൽ & മെഡിക്കൽ ഐ.സി.യുകൾ, ഓഫ്ത്താൽമോളജി, പ്രത്യേകം ഔട്ട് പേഷ്യന്റ് വിഭാഗങ്ങളും മെഡിക്കൽ വാർഡുകളും (ഓരോ വിഭാഗത്തിനും), ജനറൽ വാർഡ്, പേവാർഡ്, ആർ.എം.ഒ ക്വാർട്ടേഴ്സ്, മോർച്ചറി, സീവേജ് & വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ തുടങ്ങിയ സംവിധാനങ്ങളാണ് ഒരുക്കുന്നത്. |
| (സി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാവാനായി നിശ്ചയിച്ചിട്ടുള്ള തീയതി ഏതെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പദ്ധതി 2023 മാർച്ച് മാസത്തോടെ പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ